**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1346** **15-10-2026-ൽ മറുപടിയ്ക്ക്**

**താനൂർ മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. നവാസ് ശ്രീ. പി. സി. വിഷ്ണുനാഥ്
(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** പൊതുഗതാഗത സംവിധാനവുമായി ബന്ധപ്പെടുത്തി മലപ്പുറം ജില്ലയിലെ ടൂറിസം സ്ഥലങ്ങളെ കണക്ട് ചെയ്ത് പദ്ധതി ആവിഷ്കരിക്കുന്ന കാര്യം പരിഗണിക്കുമോ;

**മറുപടി:** സാധ്യതാ പഠനത്തിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**(ബി)** താനൂർ മണ്ഡലത്തിലെ ടൂറിസം സ്ഥലങ്ങളെ കണക്റ്റ് ചെയ്ത് 'വൺ ഡേ ഇൻ താനൂർ' എന്ന പേരിൽ ഒരു പദ്ധതി ആവിഷ്കരിക്കുന്നതിനും മാർക്കറ്റ് ചെയ്യുന്നതിനും ഡി.റ്റി.പി.സി. രൂപരേഖ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

**മറുപടി:** താനൂർ മണ്ഡലത്തിലെ ടൂറിസം സ്ഥലങ്ങളെ കണക്റ്റ് ചെയ്ത് 'വൺ ഡേ ഇൻ താനൂർ' എന്ന പേരിൽ ഡി.റ്റി.പി.സി. മുഖാന്തിരം ഒരു പദ്ധതി ആവിഷ്കരിച്ച് മാർക്കറ്റ് ചെയ്യുന്നത് പരിഗണനയിലുണ്ട്.

**(സി)** താനൂരിലെ പൈതൃക സമ്പത്തുകളായ കേരളാധീശ്വരപുരം ശ്രീകൃഷ്ണ ക്ഷേത്രം, താനൂർ വലിയ കുളങ്ങര പള്ളി, താനാളൂർ നരസിംഹ ക്ഷേത്രം, ശ്രീ. തൃക്കൈക്കാട്ട് മഠം എന്നീ പൈതൃകങ്ങളെ സംരക്ഷിക്കുന്നതിനും അവിടെയെത്തുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പിൽഗ്രിം ടൂറിസം പദ്ധതി താനൂരിൽ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുമോ?

**മറുപടി:** താനൂരിലെ പൈതൃക സമ്പത്തുകളായ കേരളാധീശ്വരപുരം ശ്രീകൃഷ്ണ ക്ഷേത്രം, താനൂർ വലിയ കുളങ്ങര പള്ളി, താനാളൂർ നരസിംഹ ക്ഷേത്രം, ശ്രീ തൃകൈക്കെട്ട് മഠം എന്നീ പൈതൃകങ്ങളെ സംരക്ഷിക്കുന്നതിനും അവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമുള്ള പിൽഗ്രിം ടൂറിസം പദ്ധതി ജില്ലയിൽ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനായി പിൽഗ്രിം ടൂറിസം സാധ്യതകൾ സംബന്ധിച്ച് സമഗ്രമായ പഠനം നടത്തുന്നത് പരിഗണനയിലുണ്ട്.

**സെക്ഷൻ ഓഫീസർ**